പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7635

15/07/2014 – ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

## സ്കൂളുകളിൽ എൽ.പി. വിഭാഗത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത

**ചോദ്യം**

ശ്രീ. ബി. സത്യൻ

ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകളിൽ എൽ.പി. വിഭാഗം അദ്ധ്യാപകരെ നിയമിക്കുന്നതിന് പി.എസ്.സി. നോട്ടിഫിക്കേഷനിൽ നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ?

**ഉത്തരം**

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

ഗവണ്മെന്റ് എയ്ഡഡ് സ്കൂളുകളിൽ എൽ.പി. വിഭാഗത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള യോഗ്യത കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 31 പ്രകാരം കേരള പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായതോ അല്ലെങ്കിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന പ്രീഡിഗ്രിയോ അല്ലെങ്കിൽ തത്തുല്യമായി ടി യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ളതോ അല്ലെങ്കിൽ ബോർഡ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ നടത്തുന്ന ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റ് പരീക്ഷകളോ പാസ്സായിരിക്കേണ്ടതും കൂടാതെ പരീക്ഷാ കമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി. പരീക്ഷയും പാസായിരിക്കേണ്ട താണ്. ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി. കാലാകാലം വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്തുവരുന്നത്.

Sreedevi
സെക്ഷൻ ഓഫീസർ